<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 396</u> <u>27-01-2026 - ൽ മറുപടിയ്ക്ക്</u>

<u>അജൈവമാലിന്യ ശേഖരണവും സംസ്കരണവും</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വീടുകളിൽ നിന്നും അജൈവമാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും മറ്റും കൃത്യമായി ശേഖരിക്കാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കൃത്യമായി ശേഖരിച്ച് സംസ്കരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഇല്ല.<br><br>വീടുകളിൽ നിന്നും ഹരിതകർമ്മ സേന മുഖേന അജൈവ മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും കലണ്ടർ അടിസ്ഥാനത്തിൽ വാതിൽപ്പടി ശേഖരണത്തിലൂടെ കൃത്യമായി ശേഖരിച്ച് സംസ്കരിച്ചു വരുന്നുണ്ട്. 2025 ഡിസംബർ മാസം ഹരിതമിത്രം ആപ്ലിക്കേഷനിലെ വിവരം പ്രകാരം ഇത് 92 ശതമാനമാണ്.<br><br>ഹരിത കർമ്മ സേനകൾ വാതിൽപടി ശേഖരണം മുഖേന ശേഖരിക്കുന്ന അജൈവമാലിന്യം ആദ്യ ഘട്ടത്തിൽ സംഭരണം നടത്തുന്നതിന് വാർഡ് തലത്തിൽ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (മിനി എം.സി.എഫ്.കൾ) സ്ഥാപിച്ചിട്ടുണ്ട്. മിനി എം.സി.എഫ്.കളിൽ ശേഖരിക്കുന്നവ തരം തിരിക്കൽ പ്രവർത്തനങ്ങൾക്കായി മാറ്റുന്നതിന് തദ്ദേശ സ്ഥാപന തലത്തിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടാം ഘട്ട തരം തിരിവ് നടത്തുന്നതിന് ബ്ലോക്ക്/നഗരസഭാ തലത്തിൽ ആർ.ആർ.എഫ്.കൾ (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) സ്ഥാപിച്ചിട്ടുണ്ട്. തരം തിരിച്ച പുനഃചംക്രമണ യോഗ്യമായവ ക്ലീൻ കേരള കമ്പനി മുഖാന്തരം വിപണനം നടത്തി തുക ഹരിത കർമ്മ സേനയ്ക്ക് നൽകുന്നു. കൂടാതെ നിഷ്ക്രിയ മാലിന്യങ്ങൾ സിമന്റ് ഫാക്ടറികൾക്കു കൈമാറുന്നു. |
| (ബി) | വീടുകളിൽ നിന്നുള്ള അജൈവ മാലിന്യങ്ങൾ റോഡുകളിലും വഴിയോരങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തടയാൻ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | **വീടുകളിൽ നിന്നുള്ള അജൈവ മാലിന്യങ്ങൾ റോഡുകളിലും വഴിയോരങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മാലിന്യ നിക്ഷേപത്തിനെതിരെയും, നിരോധിത സിംഗിൾ യൂസ് പ്ലാസ്റ്റിക്കിനെതിരെയും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പരാതി നൽകുന്നതിനായി** |

| | | | |
|---|---|---|---|
| | | | **സിംഗിൾ വാട്സ്ആപ്പ് നമ്പർ (9446 700 800) സംവിധാനവും ആയതു നിരീക്ഷിക്കുന്നതിനായി** തദ്ദേശ സ്വയം ഭരണ വകുപ്പ് **പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. കൂടാതെ തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് പിഴത്തുകയുടെ 25% റിവാർഡ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതു ഇടങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപം നടത്തുന്നതിന് എതിരെ 2024-ൽ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി പ്രകാരം നിയമം കർശനമാക്കുകയും ആയത് പ്രകാരം നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു. മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുന്നതിലേക്കും, നിയമ നടപടി സ്വീകരിക്കുന്നതിനും പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ തദ്ദേശ സ്ഥാപന തലത്തിലും IVO സ്ക്വാഡുകൾ ബ്ലോക്കിലെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ജില്ലാ തലത്തിലും പ്രവർത്തിച്ച് വരുന്നു. ക്ലീൻ കേരള കമ്പനി മുഖാന്തരം സംസ്ഥാന തലത്തിൽ സ്ഥാപിച്ചിട്ടുള്ള ഇക്കോ ബാങ്കുകൾ പൊതു സ്ഥലങ്ങളിലെ വലിച്ചെറിയാൽ പ്രവണത തടയുന്നതിനുള്ള ഒരു ഉത്തമ ഉപാധിയാണ്. പൊതു പരിപാടികളിലും മറ്റും ഉണ്ടാകുന്ന വലിയ തോതിലുള്ള അജൈവ മാലിന്യങ്ങൾ ഉപഭോക്താവിന് നേരിട്ട് ഇക്കോ ബാങ്കുകളിൽ എത്തിക്കാവുന്നതാണ്. മൂല്യവത്തായ പാഴ് വസ്തുക്കൾക്ക് വില നൽകിയാണ് കമ്പനി ഇവ ശേഖരിക്കുന്നത്. ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി വഴിയോരങ്ങളിലും ജലാശയങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്നത് കുറയ്ക്കുവാനും ഇതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുവാനും സാധിക്കുന്നതാണ്.** |
| (സി) | നിലവിൽ അജൈവമാലിന്യങ്ങൾ എത്ര ദിവസം കൂടുമ്പോഴാണ് വീടുകളിൽനിന്ന് ശേഖരിക്കുന്നത്; അജൈവമാലിന്യങ്ങളുടെ കൃത്യമായ ശേഖരണവും സംസ്കരണവും നടക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ നിലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ അജൈവ മാലിന്യ ശേഖരണ കലണ്ടർ അടിസ്ഥാനത്തിൽ എല്ലാ മാസവും പ്ലാസ്റ്റിക്കുകളും മറ്റ് അജൈവ മാലിന്യങ്ങളും വീടുകളിൽ നിന്നും ശേഖരിച്ച് വരുന്നു. ഹരിത മിത്രം ആപ്ലിക്കേഷൻ വഴി അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിന്റെ ഡിജിറ്റൽ മോണിറ്ററിംഗ് ഉറപ്പ് വരുത്തുന്നുമുണ്ട്.<br><br>വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ തലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്., ആർ.ആർ.എഫ്. എന്നീ സംവിധാനങ്ങളിലൂടെ വേർതിരിച്ച് പുനഃചംക്രമണ |

| | | | |
|---|---|---|---|
| | | | യോഗ്യമായവ ക്ലീൻ കേരള കമ്പനി ഉൾപ്പടെയുള്ള സംവിധാനം മുഖാന്തരം വിപണനം നടത്തി തുക ഹരിത കർമ്മ സേനയ്ക്ക് നൽകുന്നു. കൂടാതെ നിഷ്ക്രിയ മാലിന്യങ്ങൾ സിമന്റ് ഫാക്ടറികൾക്കു കൈമാറുന്നു. |

സെക്ഷൻ ഓഫീസർ